FRIDAY 05.04.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/04/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്ടെൻഷൻ സർവീസ് ഫോർ ഇൻപുട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 80 സെഷനുകളും എട്ട് ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 20,000 രൂപ കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷകൾ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 15 ന് (15/04/2024) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

3. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ജ്യോതി ഇനം നെൽവിത്ത്, ചീര, വെള്ളരി പാവൽ, വെണ്ട, കുമ്പളം, മത്തൻ എന്നിവയുടെ വിത്തുകൾ, പച്ചക്കറിത്തൈകൾ, വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ, നാരകത്തൈകൾ, സീതപ്പഴം, പാഷൻഫ്രൂട്ട് തൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471808.

4. കളനാശിനി പ്രയോഗത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്ന ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ എന്ന കണ്ടുപിടിത്തത്തിന് കേരള കാർഷിക സർവകലാശാലയ്ക്കു പേറ്റന്റ് ലഭിച്ചു. യന്ത്രത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495930693 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കുറഞ്ഞ ചെലവിൽ പരിമിതമായ അളവിൽ വെള്ളമുപയോഗിച്ച് 8 ദിവസംകൊണ്ട് പച്ചപ്പുല്ല് ഉൽപാദിപ്പിക്കാവുന്ന ഹൈഡ്രോപോണിക്സ് സംവിധാനം തിരുവനന്തപുരം വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ കർഷകർക്കു ലഭ്യമാണ്. 8 ഹൈഡ്രോപോണിക്സ് ട്രേ വയ്ക്കാൻ സാധിക്കുന്ന ഈ യൂണിറ്റ് സ്ഥാപിക്കാൻ കുറച്ചു സ്ഥലമേ ആവശ്യമുള്ളൂ. തീറ്റച്ചെലവ് കുറയ്ക്കാനുതകുന്ന ഈ സംവിധാനത്തിനു ചെലവ് 13,000 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400288040.

6. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം കൃഷിയിടങ്ങളിൽ ഡ്രോൺ ഉപയോഗത്തിന്റെ പ്രദർശനം നടത്തുന്നു. വളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവ പ്രയോഗിക്കാൻ ഡ്രോണുകൾ ഉപയോഗിക്കുന്നതിന്റെ മെച്ചം കർഷകരെ ധരിപ്പിക്കുകയാണു ലക്ഷ്യം. ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 250 പ്രദർശനങ്ങൾ നടത്തും. താൽപര്യമുള്ള പഞ്ചായത്ത്/ കൃഷി ഭവൻ/ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവ ബ്ലോക്കുതല നോഡൽ ഓഫിസറുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ: 0469-2662094, 2661821, പുളിക്കീഴ്: 9447454627, മല്ലപ്പള്ളി: 9961254033, 9645027060, പന്തളം 9446056737, കോയിപ്രം & പറക്കോട്: 9526160155, കോന്നി & ഇലന്തൂർ: 9447801351.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം IOT Concepts in Agriculture എന്ന വിഷയത്തിൽ ഈ മാസം 6 മുതൽ 29 വരെയും ജൈവ ജീവാണുവളങ്ങൾ എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ ഏപ്രിൽ 30 മുതൽ മേയ് 21 വരെയും കോഴ്സ് നടത്തുന്നു. റജിസ്റ്റർ ചെയ്യുന്നതിന് www.celkau.in, വിവരങ്ങൾക്ക്: celkau@gmail.com ഫോൺ നമ്പർ 8547837256, 0487-2438567

8. റബ്ബർകൃഷിയുമായി ബന്ധപ്പെട്ട കോണ്ടൂർ ലൈനിങ്, കുഴിയെടുപ്പ്, നിരപ്പുതട്ടുകളുടെ നിർമാണം, തൈനടീൽ എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (05.04.2024) രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ മറുപടി പറയും. കോൾ സെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം